**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : T 5992 04/11/2016-ൽ മറുപടിയ്ക്ക്

**ഇ-സാക്ഷരത യജ്ഞം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.എ.എം. ആരിഫ്**<br>**,, ജോൺ ഫെർണാണ്ടസ്**<br>**,, എ. പ്രദീപ്കുമാർ**<br>**ശ്രീമതി.വീണാ ജോർജ്ജ്** | പ്രൊഫ. സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |

| | |
|---|---|
| (എ) സംസ്ഥാന സർക്കാർ സഹായത്തോടെ പി.എൻ.പണിക്കർ ഫൗണ്ടേഷൻ സംസ്ഥാനത്ത് നടപ്പാക്കുന്ന ഇ-സാക്ഷരത യജ്ഞത്തിന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) ഉണ്ട്. ഇ-സാക്ഷരത പദ്ധതി 14 ജില്ലകളിലെയും 7 മുതൽ 8 വരെ പഞ്ചായത്തുകളിൽ നടപ്പിലാക്കുന്നു. ഇതിൽ 57 ഗ്രാമ പഞ്ചായത്തുകളിൽ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. ഇതിൽ 14 ഗ്രാമപഞ്ചായത്തുകൾ സമ്പൂർണ്ണ ഇ-സാക്ഷരത പഞ്ചായത്തായി പ്രഖ്യാപിച്ചിട്ടുണ്ട്. 43 ഗ്രാമപഞ്ചായത്തുകളിൽ പദ്ധതി ആരംഭിക്കുവാനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടത്തി വരുന്നു. ഓരോ വ്യക്തിക്കും സ്വന്തമായി ഇ-മെയിൽ ഐ.ഡി ഉണ്ടാക്കുകയും, കുറഞ്ഞത് എസ്.എം.എസിലൂടെയെങ്കിലും ആശയവിനിമയം നടത്തുവാൻ പ്രാപ്തരാക്കുകയെന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. പദ്ധതിയുടെ നടത്തിപ്പും ധനവിനിയോഗവും പി.എൻ.പണിക്കർ ഫൗണ്ടേഷന്റെ മാർഗ്ഗനിർദ്ദേശ പ്രകാരം പഞ്ചായത്തു കമ്മിറ്റിയാണ് നിർവഹിക്കുന്നത്. പഞ്ചായത്തിലെ 60-65 വയസ്സിൽ താഴെയുള്ള ഇ-സാക്ഷരരല്ലാത്ത എല്ലാവരെയും 10 മുതൽ 20 മണിക്കൂർ ദൈർഘ്യമുള്ള സിലബസ് പ്രകാരം ഇലക്ട്രോണിക് സ്ലേറ്റ് ഉപയോഗിച്ച് ജനങ്ങൾ തിങ്ങിപ്പാർക്കുന്ന സ്ഥലത്ത് തികച്ചും അനൗപചാരികമായി ഇ-സാക്ഷരത നടപ്പിലാക്കുന്നു. പി.എൻ. പണിക്കർ ഫൗണ്ടേഷനും, കെൽട്രോണും സംയുക്തമായി തയ്യാറാക്കിയ സോഫ്റ്റ്വെയർ ഉപയോഗിച്ച് എത്ര പേർ ഇ-സാക്ഷരരായി എന്ന് വിലയിരുത്തുകയുമാണ് ഇ-സാക്ഷരതാ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. |

| | | | |
|---|---|---|---|
| (ബി) | ബഹുമാനപ്പെട്ട ഉപരാഷ്ട്രപതി ഉദ്ഘാടനം നിർവ്വഹിച്ച ഡിജിറ്റൽ ലൈബ്രറി പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (ബി) | പി.എൻ പണിക്കർ ഫൗണ്ടേഷൻ നടത്തിവരുന്ന സമ്പൂർണ്ണ ഇ-സാക്ഷരത യജ്ഞത്തിന്റെ രണ്ടാം ഘട്ടമായി തുടർ പഠനത്തിന് വേദിയൊരുക്കുന്നതിനാണ് ഡിജിറ്റൽ ലൈബ്രറികൾ ആരംഭിച്ചിട്ടുള്ളത്. പഞ്ചായത്ത് പ്രദേശത്തുള്ള ഗ്രാമീണ ഗ്രന്ഥശാലകൾ/യൂത്ത് ക്ലബുകൾ, 250 ചതുരശ്ര അടി വിസ്തീർണ്ണമുള്ള സ്ഥല സൗകര്യവും വൈദ്യുതി കണക്ഷനുമുള്ള സ്ഥലത്ത് ഡിജിറ്റൽ ലൈബ്രറികൾ ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഓരോ ജില്ലയിലും ജില്ലാ പബ്ലിക് ലൈബ്രറികൾ കേന്ദ്രബിന്ദുവാക്കിയാണ് ഡിജിറ്റൽ ലൈബ്രറികൾ തുടങ്ങുന്നത്. തിരുവനന്തപുരം, കൊല്ലം, കോട്ടയം, കോഴിക്കോട് എന്നീ ജില്ലകളിലെ പബ്ലിക് ലൈബ്രറികൾ കേന്ദ്രീകരിച്ച് 18 ഡിജിറ്റൽ ലൈബ്രറികൾ ആദ്യഘട്ടമായി തുടങ്ങുവാനാണ് ലക്ഷ്യമിട്ടുന്നത്. പ്രദേശത്തെ കമ്പ്യൂട്ടർ പരിജ്ഞാനമുള്ള രണ്ട് കോ-ഓർഡിനേറ്റേഴ്സിന് വിദഗ്ധ പരിശീലനം നൽകി രണ്ട് വർഷത്തെ കോൺട്രാക്ട് വ്യവസ്ഥയിൽ ഡിജിറ്റൽ ലൈബ്രേറിയന്മാരായി നിയമിക്കുവാനാണ് ഉദ്ദേശിക്കുന്നത്. വിദ്യാഭ്യാസം, കൃഷി, ആരോഗ്യം, തൊഴിൽ, മൃഗസംരക്ഷണം, സിറ്റീസൺ സർവ്വീസസ്, ടൂറിസം & യാത്ര, വിനോദം എന്നിവയിൽ കമ്പ്യൂട്ടർ അധിഷ്ഠിത സേവനങ്ങൾ നൽകി ഇ-സാക്ഷരതയിലുള്ള തുടർ വിദ്യാഭ്യാസം നൽകുവാനും ലക്ഷ്യമിടുന്നു. ഇ-കോമേഴ്സ്, ഇ-ഗവേണൺസ് ഇ-ഹെൽത്ത് പ്രോഗ്രാമുകളും, സാധാരണക്കാർക്ക് പ്രയോജനം ലഭിക്കത്തക്കവിധത്തിൽ ബോധവൽക്കരണവും പ്രസ്തുത പദ്ധതിയുടെ ഭാഗമായി ചെയ്യുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. |
| (സി) | ഡിജിറ്റൽ ലൈബ്രറികളുടെ ഏകോപനവും മാർഗ്ഗ നിർദ്ദേശവും മറ്റ് സാങ്കേതിക സഹായവും നൽകുന്നത് ആരാണ്; ഇതിനാവശ്യമായ | (സി) | രണ്ട് വർഷത്തേക്ക് ഡിജിറ്റൽ ലൈബ്രറികളുടെ ഏകോപനവും, മാർഗ്ഗ നിർദ്ദേശവും, സാങ്കേതിക സഹായവും നൽകുന്നത് ഡൽഹി ആസ്ഥാനമായുള്ള ഇന്ത്യൻ പബ്ലിക് ലൈബ്രറി മൂവ്മെന്റാണ് (ഐ.പി.എൽ.എം) പ്രസ്തുത |

കോ-ഓർഡിനേറ്റർമാരെ നിയമിക്കുന്നതാരാണെന്നും പദ്ധതിയുടെ ചെലവ് ആരാണ് വഹിക്കേണ്ടി വരുന്നതെന്നും വിശദമാക്കുമോ?

പദ്ധതിയുടെ ചെലവ് വഹിക്കുന്നതും ഇന്ത്യൻ പബ്ലിക് ലൈബ്രറി മൂവ്മെന്റ് തന്നെയാണ്. ചെലവിന്റെ 10 മുതൽ 15 ശതമാനം വരെ പി.എൻ പണിക്കർ ഫൗണ്ടേഷൻ വഹിക്കുന്നു. ഡിജിറ്റൽ ലൈബ്രറി കോ-ഓർഡിനേറ്റർമാരെ ഗ്രാമപഞ്ചായത്തിന്റെ നിർദ്ദേശാനുസരണം അവരുടെ കമ്പ്യൂട്ടർ പരിജ്ഞാനത്തെ മാനദണ്ഡമാക്കി ആ പ്രദേശത്തെ ലൈബ്രറി/ യൂത്ത് ക്ലബുകൾക്ക് നിയമിക്കാവുന്നതാണ്.

Sheela H

സെക്ഷൻ ഓഫീസർ